**സംസ്ഥാനവാർത്തകൾ**

**ഡ്രൈവർമാരുടെ പിഴവിൽ നഷ്ടമായത് 11,018 ജീവനുകൾ**

വാഹനം ഓടിച്ചവരുടെ പിഴവുകൊണ്ടുമാത്രം കഴിഞ്ഞ മൂന്നുവർഷത്തിനിടെ നഷ്ടമായത് 11,018 ജീവനുകൾ. 1800 പേർക്ക് ഗുരുതരമായി പരിക്കേറ്റതായും പോലീസിന്റെ കണക്കുകൾ പറയുന്നു.

**(മാ.,20/01)**

**പറമ്പിക്കുളം കേരളത്തിന് 1.1 ടിഎംസി വെള്ളം**

പറമ്പിക്കുളം ഡാമിൽനിന്ന് ഫെബ്രുവരി 15 വരെ കേരളത്തിന് 1.1 ടിഎംസി വെള്ളം നൽകാൻ ധാരണ. തിരുവനന്തപുരത്ത് നടന്ന സെക്രട്ടറിതല ചർച്ചയിലാണ് തീരുമാനം. പറമ്പിക്കുളത്തുനിന്ന് കേരളത്തിന് 1.5 ടിഎംസി വെള്ളം ലഭിക്കണം.ഇതുസംബന്ധിച്ച തുടർചർച്ച ഫെബ്രുവരി 10 ന് ചെന്നൈയിൽ നടക്കും. ഇപ്പോഴത്തെ ധാരണയനുസരിച്ച് സെക്കൻഡിൽ 400 ഘനയടി വെള്ളം കേരളത്തിന് നൽകും.

**(ദേ.,20/01)**

*******